**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2591** **12-10-2021 - ൽ മറുപടിയ്ക്ക്**

**സഹകാരികൾക്ക് ആശ്വാസം പകരുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിയെ തുടർന്ന് ബുദ്ധിമുട്ടിലായ സഹകാരികൾക്ക് ആശ്വാസം പകരുന്നതിനായി വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (എ) | കോവിഡ് പ്രതിസന്ധിയെ തുടർന്ന് ബുദ്ധിമുട്ടിലായ സഹകാരികൾക്ക് ആശ്വാസം പകരുന്നതിനായി സഹകരണ വകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ പറയുന്നവയാണ്. 1. ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി - വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളതും, കോവിഡ് മഹാമാരി കാരണം ജീവിതം ദു:സ്സഹമായിരിക്കുന്നതുമായ വായ്പക്കാർക്ക് ആശ്വസമാവുക എന്ന ലക്ഷ്യത്തോടുകൂടി “ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി- കുടിശ്ശികനിവാരണം 2021” നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിച്ച് വരുന്നു. 2. SLF (Special Liquidity Facility) വായ്പ പദ്ധതി കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF –II) നബാർഡിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ കുടിശ്ശിക ഇല്ലാത്ത പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയാണ് വായ്പ വിതരണം ചെയ്യുന്നത്. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും |

കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) MSME(സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായും, ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തന മൂലധനം ക്യാഷ് ക്രെഡിറ്റ് ആയോ മാസതവണകളായി ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായോ ധനസഹായം അനുവദി ക്കുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക 2,00,000/- രൂപയാണ്. ഒരു വർഷകാലാ വധിയുള്ള ടി വായ്പയുടെ പലിശ നിരക്ക് 6.40% ആണ്. 3. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM’s Helping Hand Loan Scheme- CMHLS) കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാപദ്ധതിയായ “മുഖ്യമന്ത്രി യുടെ സഹായഹസ്തം വായ്പാ പദ്ധതി (CM’s Helping Hand Loan Scheme-CMHLS)” പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരളബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം കോവിഡ്-19 നിമിത്തം അയൽക്കൂട്ടത്തിന്/ കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000/10,000/15,000/20,000/- എന്നിങ്ങനെ പരമാവധി 20,000/- രൂപ വരെ വായ്പ അനുവദിക്കുന്നു. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശ നിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നു. 6 മാസം മൊറട്ടോറിയം ഉൾപ്പടെ 36 മാസമാണ് വായ്പാ കാലാവധി. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും സബ്സിഡിയായി

| | | | |
|---|---|---|---|
| | | | അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്. 4. വിദ്യാതരംഗിണി- കോവിഡ് മഹാമാരി ക്കാലത്ത് 1 മുതൽ 12 ക്ലാസുവരെയുള്ള വിദ്യാർഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി ഒരു വ്യക്തിയ്ക്ക് 10,000/- രൂപ വരെ പലിശ രഹിത വായ്പ ലഭിക്കുന്ന വിദ്യാതരംഗിണി എന്ന പദ്ധതി സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 86,270 പേർക്ക് ആകെ 83,40,62,813/- രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. 5.കലാകാരൻമാരുടെ സഹകരണ സംഘം കോവിഡ് പ്രതിസന്ധിയെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട കലാകാരൻമാരുടെ സാമ്പത്തികവും, സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ട് കാലാകാരൻമാരുടെ ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന് പ്രഖ്യാപിക്കുകയും, ടി സംഘം രൂപീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ച് വരുകയുമാണ്. 6.തൊഴിൽ/ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി കേരളാ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 7597 തൊഴിലവസരങ്ങളും കേരള ബാങ്ക് വഴി 12552 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 20,149 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതി കാലയളവിൽ അപ്പെക്സ് ഫെഡറേഷനുകൾ വഴി 4 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് വഴി 30 സ്ഥിര നിയമനങ്ങളും കേരള ബാങ്ക് വഴി 13 സ്ഥിര നിയമനങ്ങളും പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 382 സ്ഥിര നിയമനങ്ങളും ഈ കാലയളവിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. അപ്രകാരം ആകെ 20578 തൊഴിൽ /തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ